ഡിസംബർ 2021

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

കഴിഞ്ഞ ഒരു സംവത്സരം മാർത്തോമ്മാ മെത്രാപ്പോലീത്താ എന്ന ശുശ്രൂഷാ സ്ഥാനത്ത് നേതൃത്വം നല്കുവാൻ ദൈവം കൃപചെയ്തു. സഭാ മക്കളിൽ നിന്നും ലഭിക്കുന്ന നിർലോഭമായ സഹകരണത്തിനും പ്രാർത്ഥനയുടെ പിൻബലത്തിനുമായി ദൈവത്തെ സ്തുതിക്കുന്നു. സഭാ നാഥനായ ക്രിസ്തുവിനോട് ചേർന്ന് ദൈവനാമ മഹത്വത്തിനും തിരുസഭയുടെ കെട്ടുപണിക്കും മറ്റുള്ളവരുടെ നന്മയ്ക്കുമായി കാലികമായ ശുശ്രൂഷാ നിർവഹണത്തിന് ആവശ്യമായ ദൈവകൃപയ്ക്കായി ഏവരും തുടർന്നും പ്രാർത്ഥിക്കണം.

നവംബർ മാസത്തിന്റെ ആദ്യവാരം ഉത്തര കർണ്ണാടകയിലുള്ള നമ്മുടെ മിഷൻ കേന്ദ്രങ്ങളായ ഹോണാവാർ, അങ്കോല എന്നിവിടങ്ങൾ സന്ദർശിച്ചു. ഹോണാവാർ സെന്റ് തോമസ് മാർത്തോമ്മാ ഇടവകയുടെ പുതിയ ദേവാലയത്തിന്റെയും, മാർത്തോമ്മാ കമ്മ്യൂണിറ്റി ഹാൾ, രണ്ട് മിഷൻ ഹൗസുകൾ, മാർത്തോമ്മാ സെൻട്രൽ സ്കൂൾ കെട്ടിടം എന്നിവയുടെയും കൂദാശ ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പായോട് ചേർന്ന് നിർവഹിച്ചു. ഗ്രാമങ്ങൾ തോറുമുള്ള സുവിശേഷ വേലകളും, സ്കൂളുകളിലൂടെ നടക്കുന്ന വിദ്യാഭ്യാസ-വികസന പ്രവർത്തനങ്ങളും അനുഗ്രഹപ്രദമായി നടക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തെയും മിഷനറി അച്ചന്മാരേയും. സുവിശേഷകരെയും, സ്കൂൾ ഔദ്യോഗിക ചുമതലക്കാരെയും അഭിനന്ദിക്കുന്നു. അങ്കോല ക്രിസ്തുമിത്ര ആശ്രമ സന്ദർശനവും 81-ാമത് വാർഷികാഘോഷവും വളരെ ഹൃദ്യമായിരുന്നു. അങ്കോലയിൽ സുവിശേഷകനായി പ്രവർത്തിക്കുന്ന ശ്രീ. സന്തോഷ് ഫിലിപ്പിനെ ആശ്രമാംഗത്വത്തിലേക്ക് പ്രവേശിപ്പിക്കുന്ന സമർപ്പണ ശുശ്രൂഷയും വാർഷികാഘോഷത്തോടനുബന്ധിച്ച് നടത്തി. ആശ്രമസ്ഥാപക നേതാക്കളെയും അവരുടെ ദർശനത്തെയും ഓർത്ത് ദൈവത്തിന് നന്ദികരേറ്റാം. തങ്ങളെത്തന്നെ സമർപ്പിച്ച് ആശ്രമപ്രസ്ഥാനത്തിലൂടെ സുവിശേഷത്തിനായി ജീവിതം ചിലവിട്ട പൂർവകാല പ്രവർത്തകരെയും ഈ നാളുകളിൽ നേതൃത്വം നല്കുന്നവരെയും ഓർക്കുന്നു. ഒരു കാലഘട്ടത്തിൽ ശക്തമായിരുന്ന ആശ്രമപ്രസ്ഥാനങ്ങൾ ഇന്ന് വളരെയേറെ വെല്ലുവിളികൾ നേരിടുന്നു. കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കി കൂടുതൽ ആളുകൾ ഭാരത സുവിശേഷീകരണത്തിനായി മുന്നിട്ടിറങ്ങണം. സുവിശേഷവേലയിൽ താല്പര്യമുള്ള ആളുകളെ കണ്ടെത്തി തക്കതായ പരിശീലനം നല്കി വയൽ പ്രദേശങ്ങളിലേക്കയയ്ക്കുവാൻ വിവിധ ഭാഷാപ്രവശ്യകളിൽ ഇടവക വികാരിമാരും ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലുള്ള പ്രവർത്തകരും പ്രത്യേകം താല്പര്യപ്പെടണം. ഔദ്യോഗിക മേഖലകളിൽ നിന്നും വിരമിച്ച് വിശ്രമ ജീവിതം നയിക്കുന്നവർക്കും തങ്ങളുടെ ആയുസ്സിന്റെ ഒരംശം ദൈവീക വേലയ്ക്കായി ചെലവിടുവാൻ സാധിക്കുമെങ്കിൽ അത് ഏറെ അനുഗ്രഹകരമാണ്.

നവംബർ മാസം 8-ാം തീയതി കാസർകോട് മാർത്തോമ്മാ ബധിര വിദ്യാലയം, മാർത്തോമ്മാ കോളേജ് ഫോർ ദി ഹിയറിംഗ് ഇംപെയർഡ് എന്നീ സ്ഥാപനങ്ങൾ സന്ദർശിക്കുകയും റൂബി ജൂബിലി ഹാളിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഈ സ്ഥാപനകൾ കൈവരിച്ച വളർച്ചയെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. നേതൃത്വം നല്കുന്ന അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് തിരുമേനിയെയും മറ്റ് ചുമതലക്കാരെയും പ്രവർത്തകരെയും അഭിനന്ദിക്കുന്നു. ഈ സ്ഥാപനകളുടെ ഭൗതീക സാഹചര്യങ്ങൾ ഇനിയും വികസിപ്പിക്കേണ്ടിയിരിക്കുന്നു. ഒപ്പം പുനരധിവാസപദ്ധതികൾ നടപ്പിലാക്കുകയും, കൂടുതൽ ജോലി സാധ്യതകളുള്ള പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുകയും വേണം. വരുംനാളുകളിൽ അതിന് സാധ്യമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

തിരുവനന്തപുരം മാർത്തോമ്മാ ഹോസ്പിറ്റൽ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെന്റർ പ്രവർത്തനപന്ഥാവിൽ 40-ാം വർഷത്തിലേക്ക് പ്രവേശിച്ചു. ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. ഭാഗ്യസ്മരണീയനായ പത്മഭൂഷൺ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ദർശന സാക്ഷാത്ക്കാരമാണ് ഈ സ്ഥാപനം. തിരുവനന്തപുരം പട്ടണത്തിലുള്ള എല്ലാ ഇടവകകളും ഈ ശുശ്രൂഷയിൽ ഭാഗഭാക്കാകുന്നു എന്നത് അഭിനന്ദനീയമാണ്. ഈ സ്ഥാപനയുടെ സുഗമമായ നടത്തിപ്പിന് ആത്മായ നേതൃത്വം നല്കുന്ന കൂട്ടായ്മയും അദ്ധ്വാനവും ഏറെ ശ്ലാഘനീയമാണ്. വരും നാളുകളിലും ഈ സ്ഥാപന അനേകർക്ക് അനുഗ്രഹപ്രദമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഇപ്പോൾ ഇതിന് നേതൃത്വം നല്കുന്ന അഭിവന്ദ്യ ജോസഫ് മാർ

ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനി യേയും, ഡയറക്ടർ റവ. സജേഷ് മാത്യുവിനെയും, കമ്മിറ്റി അംഗങ്ങളെയും, പ്രവർത്തകരെയും അഭിനന്ദിക്കുന്നു.

അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ സപ്തതി ആഘോഷത്തോട നുബന്ധിച്ച് കൊട്ടാരക്കര ജൂബിലി മന്ദിരത്തിൽ ഹോസ് പീസിന്റെ നവീകരിച്ച കെട്ടിടത്തിന്റെ കൂദാശ നിർവഹിച്ചു. എല്ലാ ആധുനിക സംവിധാനങ്ങളും ഉൾക്കൊള്ളുന്ന ഹോസ്പീസ് സമുച്ചയം ഇനിമുതൽ ഭാഗ്യസ്മരണീയനായ പത്മഭൂഷൺ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ പേരിലായിരിക്കും അറിയപ്പെടുക. ഇതിന്റെ സൗകര്യങ്ങൾ കൂടുതൽ ആളുകൾക്ക് പ്രയോജനപ്രദമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. മുംബൈ ടാറ്റാ മെമ്മോറിയൽ ഹോസ്പിറ്റൽ, കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രി എന്നിവയുമായി ചേർന്ന് കാൻസർ കെയർ സെന്ററും, പെയിൻ ആന്റ് പാലിയേറ്റീവ് യൂണിറ്റും പ്രവർത്തനക്ഷമമാക്കുന്നു എന്നതും അഭിമാനകരമാണ്. ഈദൃശ്യ പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കുവാൻ യത്നിച്ച എല്ലാവരെയും, വിശേഷാൽ അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായെയും അഭിനന്ദിക്കുന്നു.

ശക്തമായി തുടരുന്ന മഴ മൂലം കേരളവും തമിഴ്നാടും വലിയ പ്രളയഭീഷണിയിലാണല്ലോ. കോവിഡും അനുബന്ധ ലോക്ഡൗണും മൂലം ദുരിതത്തിലായിരുന്ന ജനജീവിതം വീണ്ടും ഒരു പ്രതിസന്ധി നേരിടുകയാണ്. മഴയുടെ കെടുതികൾ മൂലം ഭവനങ്ങൾ നഷ്ടപ്പെട്ട ഒരു വലിയ കൂട്ടം ജനങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ദീർഘനാളുകൾക്ക് ശേഷം തുറന്ന സ്കൂളുകൾ വീണ്ടും അടച്ചിടൽ നേരിടുകയാണ്. കാലാവസ്ഥ മാറ്റങ്ങൾ വരുത്തുന്ന പുതിയ സാഹചര്യങ്ങളെപ്പറ്റി നാം ബോധവാന്മാരായിരിക്കണം ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ആഗോള സമ്മേളനം സ്കോട്ട്ലൻഡിലെ ഗ്ലാസ്ഗോയിൽ നടന്നുവല്ലോ. കാലാവസ്ഥാവ്യതിയാനത്തിന്റെ അനന്തര ഫലങ്ങൾ ഇതിനകം ലോകം അനുഭവിച്ചു തുടങ്ങിയിരിക്കുകയാണ്. അന്തരീക്ഷ താപനില ക്രമേണ വർധിച്ചു കൊണ്ടിരിക്കുന്നത് ഭൗമാന്തരീക്ഷത്തിലും കാര്യമായ മാറ്റങ്ങളുണ്ടാക്കുന്നുണ്ട്. ഭൂമിയുടെ അന്തരീക്ഷത്തിന്റെ അടിത്തട്ടിലെ മേഖലയായ ഭൂസ്പർശമണ്ഡലം അഥവാ ട്രോപോസ്ഫിയർ ഈ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ഭൗമോപരിതലത്തിൽ നിന്നും ഉയർന്നു കൊണ്ടിരിക്കുകയാണെന്നാണ് പുതിയ പഠനം പറയുന്നത്. ആഗോളതാപനം മൂലമുള്ള കാലാവസ്ഥാമാറ്റം ഭക്ഷ്യോത്പാദനം കുറയ്ക്കുകയോ വിളകൾ കൃഷിചെയ്യുന്ന രീതിയെ മാറ്റിമറിയ്ക്കുകയോ ചെയ്യുവാൻ സാധ്യതയുണ്ട്. കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിലാക്കിയെ മതിയാകൂ. ഇത്തരം നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിൽ വികസിത-വികസ്വര രാഷ്ട്രങ്ങൾ ഒരുമിച്ചു ചില നടപടിക്രമങ്ങൾ ഏറ്റെടുക്കുവാൻ ധാരണയായി എന്നത് ഏറെ പ്രത്യാശപകരുന്നതാണ്. എന്നാൽ കുറച്ചുകൂടി ഉറച്ച തീരുമാനങ്ങൾ താമസം വിനാ ഉണ്ടാകുന്നത് അഭികാമ്യമാണ്. വരുംനാളുകളിൽ കാർബൺ ബഹിർഗമനം ഒട്ടും ഇല്ലാത്ത രാജ്യമായി ഇന്ത്യയെ ആക്കിത്തീർക്കും എന്ന ഇന്ത്യൻ പ്രധാനമന്ത്രിയുടെ പ്രഖ്യാപനം നമുക്കേറ്റെടുക്കാം. ജീവനെ പരിപോഷിപ്പിക്കുന്ന നടപടിക്രമങ്ങൾ നമ്മുടെ വിശ്വാസത്തിന്റെ പ്രതിഫലനമായി നാം കണ്ടേ മതിയാകു. നീതിബോധത്തോടെയുള്ള പ്രകൃതിവിഭവങ്ങളുടെ ഉപയോഗം ഭാവിതലമുറയുടെ നിലനില്പിനാവശ്യമാണെന്ന കാര്യം നാം മനസ്സിലാക്കുകയും വേണം.

കേരള സംസ്ഥാനത്ത് ഇരുന്നൂറോളം മദ്യശാലകൾ പുതുതായി അനുവദിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുമ്പോട്ട് പോകുന്നു എന്നറിയുന്നത് ഏറെ ഉത്കണ്ഠാജനകമാണ്. മനുഷ്യനേക്കാൾ മദ്യത്തിന് പ്രാധാന്യം നൽകുന്നത് വികലമായ കാഴ്ചപ്പാടാണ്. മദ്യം മൂലമുള്ള ദുരന്തങ്ങൾ നിരന്തരം ഉണ്ടാകുമ്പോൾ, ജീവന് വില മതിക്കാത്ത ഇത്തരം നടപടികൾ ഒട്ടും ശരിയല്ല. സാമൂഹ്യ പ്രശ്നങ്ങൾ വർധിക്കുകയും യുവജനങ്ങൾ മദ്യത്തിന് അടിമകളാകുകയും ചെയ്യുന്നത് സാമൂഹ്യ ഭദ്രത തന്നെ നശിപ്പിക്കുന്നതാണ്. അതിനാൽ മദ്യശാലകൾ അനുവദിക്കുവാനുള്ള തീരുമാനത്തിൽ നിന്ന് സംസ്ഥാന സർക്കാർ പിന്മാറണമെന്ന് താല്പര്യപ്പെടുന്നു.

പുതിയ കാർഷിക നിയമങ്ങൾ പിൻവലിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചുവെന്നത് ഏറെ സന്തോഷം നൽകുന്നു. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ഇത്രയധികം ജനപങ്കാളിത്തം ലഭിച്ച ഒരു സമരമുണ്ടായിട്ടുണ്ടോ എന്നത് സംശയമാണ്. കർഷകരുടെ ഐക്യവും സമാനതകളില്ലാത്ത സഹനവുമാണ് ഈ ചരിത്രവിജയം സാധ്യമാക്കിയത്. മഹാമാരിയും പ്രതികൂല കാലാവസ്ഥകളും മാത്രമായിരുന്നില്ല, രാഷ്ട്രീയ ലാക്കോടുകൂടിയ കുതന്ത്രങ്ങളെയും അവർക്കു അഭിമുഖീകരിക്കേണ്ടിവന്നു. ജനാധിപത്യത്തിന്റെ വലിയ വിജയമായി ഈ സമരത്തെ കാണുന്നതിൽ അപാകതയില്ല. എന്നാൽ ഇനി വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പുകളുമായി ഈ പ്രഖ്യാപനത്തെ ചേർത്തു വായിക്കുന്നവരുണ്ട്. പ്രഖ്യാപനം താല്ക്കാലിക നേട്ടങ്ങൾ മാത്രം ലക്ഷ്യമാക്കാതെ ശാശ്വത പരിഹാരമാകത്തക്ക വിധത്തിൽ തീരുമാനസഭകളിൽ ആവശ്യമായ നടപടിക്രമങ്ങൾ കൈക്കൊള്ളണം. ജനാധിപത്യം കേവലം അധികാരത്തിലേക്കുള്ള ഒരു കൈവഴി മാത്രമാകുമ്പോൾ അവിടെ തെരഞ്ഞെടുപ്പുകളെ സ്വാധീനിക്കാൻ തക്കശക്തിയുള്ളവരുടെ ആധിപത്യമാകും നിലനിൽക്കുക. തിരസ്കരിക്കപ്പെടുന്നവരുടെ കൂട്ടായ്മകൾ ഒരു ബദലായി ഉയർന്നുവരേണ്ടത് ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിൽ ഒരനിവാര്യതയത്രെ. ഒരർത്ഥത്തിൽ കർഷകസമരം അത്തരം ഒരു സാധ്യതയുടെ വാതായനം തുറന്നിടുകയായിരുന്നു.

'കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ'യുടെ (സി.സി.ഐ.) വാർഷിക കൂടിവരവ് ഡിസംബർ മാസം 9 ന് ഡൽഹിയിലെ സി.എൻ.ഐ. ആസ്ഥാനത്തു വച്ച് നടത്തപ്പെടുന്നു. സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭകളുടെ കൂട്ടായ്മയായ സി.സി.ഐ.-യെ വളരെ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. ഇന്ത്യയിലെ ക്രൈസ്ത

വദൗത്യരംഗത്ത് വ്യത്യസ്ത മാതൃകകൾ സൃഷ്ടിക്കുവാൻ പര്യാപ്തമായ ഒരു കൂട്ടായ്മയാണിത്. ഇന്ത്യയിലെ ക്രൈസ്തവ ദൗത്യമേഖലകൾ ഏറെ പ്രതിസന്ധികളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ കൂട്ടായ്മയുടെ നന്മകളെ ഉൾക്കൊണ്ടു നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഈ കൂടിവരവ് അതിനൊരു മുഖാന്തരമായിരുന്നെങ്കിൽ എന്നാശിക്കുന്നു, പ്രാർത്ഥിക്കുന്നു.

'ഇന്റർ ചർച്ച് കൗൺസിൽ ഫോർ ചർച്ചസ് ഇൻ കേരള'യുടെ ആഭിമുഖ്യത്തിൽ കേരളത്തിലുള്ള ക്രൈസ്തവ സഭാമേലധ്യക്ഷന്മാരുടെ ഒരു സമ്മേളനം ചങ്ങനാശ്ശേരി ആർച്ച്ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ അധ്യക്ഷതയിൽ ക്രമീകരിക്കുകയുണ്ടായി. പുതുതായി ചുമതലയിൽ പ്രവേശിച്ച സഭാമേലധ്യക്ഷ്യന്മാരെ അനുമോദിച്ചു. സഭകളുടെ കൂട്ടായ ഐക്യം ദൗത്യനിർവ്വഹണത്തിന് കൂടുതൽ കരുത്തേകുമെന്ന് ആശിക്കാം. ബാംഗ്ലൂർ ഇ. സി. സി. യുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന റവ. ഡോ. എം. എ. തോമസ് സ്മാരക പ്രഭാഷണത്തിലും, എറണാകുളം ശാലേം മാർത്തോമ്മാ ഇടവകയുടെ നവതി ആഘോഷ സമ്മേളനത്തിലും ഓൺലൈനായി സംബന്ധിക്കുവാൻ സാധിച്ചത് ഹൃദ്യമായ അനുഭവങ്ങളായിരുന്നു.

അന്താരാഷ്ട്ര മനുഷ്യാവകാശദിനമായി ഡിസംബർ 10 ആഘോഷിക്കപ്പെടുന്നു. ജീവിതം, സ്വാതന്ത്ര്യം, തുല്യത എന്നിവയുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളും നിയമപരമായി മനുഷ്യാവകാശങ്ങളാണ്. മാന്യതയോടുകൂടി ജീവിക്കുന്നതിന് ഭരണഘടനകൾ നൽകുന്ന ഉറപ്പുകളും അന്താരാഷ്ട്ര നിയമപ്രകാരം രാജ്യങ്ങൾ പാലിക്കേണ്ട ചില നിയമങ്ങളും കൂടിച്ചേരുന്നിടത്താണ് മനുഷ്യാവകാശങ്ങളുടെ പരിപാലനം പ്രായോഗികതലത്തിൽ നിർവഹിക്കുന്നത്. അവകാശ സംരക്ഷണം നമ്മുടെ മാത്രം കുത്തകയല്ല, പ്രത്യുത അപരനുകൂടി അവകാശപ്പെട്ടതാണ് എന്ന ബോധ്യത്തിൽ പ്രവർത്തിക്കുവാൻ നമുക്കു കഴിയണം. സോഷ്യൽ മീഡിയയുടെ അതിപ്രസരവും തെറ്റായ വിനിയോഗവും സമൂഹത്തിലുണ്ടാക്കുന്ന വിപത്തുകൾ വളരെ വലുതാണ്. സഭയിൽ പട്ടത്വ ശുശ്രൂഷയിൽ പ്രവേശിച്ചിട്ടുള്ളവർ, വസ്തുനിഷ്ഠമായി കാര്യങ്ങൾ മനസ്സിലാക്കാതെ സാമൂഹ്യമാധ്യങ്ങളിൽ പ്രവേശിക്കുന്നതും, അതിന്റെ ദുരുപയോഗത്തിന് വശംവദരാകുന്നതും, തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്നതും സ്വീകാര്യമായ നടപടിയല്ല. അത്തരം പ്രവണതകളിൽ നിന്നും ഒഴിഞ്ഞിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

എക്യുമെനിക്കൽ ചിന്തകനും പുതിയനിയമ പണ്ഡിതനുമായ ഫാ. ഡോ. റെജി മാത്യു ഓർത്തഡോക്സ് വൈദിക സെമിനാരി (പഴയ സെമിനാരി) പ്രിൻസിപ്പലായി നിയമിതനായത് സന്തോഷകരമാണ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ദൈവശാസ്ത്ര അഭ്യസനവും സഭൈക്യ പ്രസ്ഥാനവും ഒരുപോലെ ശക്തിപ്പെടുന്ന കാലമായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പ്രിയപ്പെട്ട അച്ചന് എല്ലാം മംഗളങ്ങളും നേരുന്നു.

ആന്ധ്രാപ്രദേശിലെ ചാഗലമാരിയിൽ നാൽപ്പത്തി മൂന്ന് സംവത്സരങ്ങൾ ആതുരസേവനവും സുവിശേഷ പ്രവർത്തനവും നിർവഹിച്ച ഡോ. ഒ. യു. ജോർജ്ജ് നവംബർ 7-ന് നിത്യസ്വസ്ഥതയിൽ പ്രവേശിച്ചു. 1994-ൽ ഒരു മിഷൻ ഫീൽഡും ഒരു പട്ടക്കാരനും ഉണ്ടായിരുന്ന റായലസീമ പ്രദേശത്ത് ഇപ്പോൾ പത്ത് കേന്ദ്രങ്ങളിലായി പത്ത് പട്ടക്കാരും അറുപത് സുവിശേഷകരും പ്രവർത്തിക്കുന്നു. റായലസീമ മേഖലയിലെ സഭയുടെ വളർച്ചയിൽ ഡോ. ഒ. യു. ജോർജ്ജിനും കുടുംബത്തിനും നിർണ്ണായകമായ ഒരു പങ്കുണ്ട്. ദീർഘ വർഷങ്ങൾ കർണ്ണാടകയിലെ നോർത്ത് കാനറ ജില്ലയിലെ മിഷൻ സെന്ററുകളിൽ സേവനം ചെയ്ത സുവിശേഷകൻ ശ്രീ. പി. സി. മത്തായി കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഉൾഗ്രാമങ്ങളിൽ സഞ്ചരിച്ച് ഗ്രാമീണരുടെ സുഖദുഃഖങ്ങളിൽ ഇടപഴകി സുവിശേഷം അറിയിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ദീർഘകാലം നമ്മുടെ സഭാ ആഫീസ് പ്രവർത്തകനായിരുന്ന ശ്രീ. ജോർജ്ജ് ഉമ്മൻ (റോയി), നിരണം, നിര്യാതനായി. തികഞ്ഞ മനുഷ്യസ്നേഹിയും കൃത്യനിർവ്വഹണത്തിൽ ബദ്ധശ്രദ്ധാലുവുമായിരുന്നു അദ്ദേഹം. സഭാ കൗൺസിലംഗം, സി. എസ്. ഐ.-സി. എൻ. ഐ-മാർത്തോമ്മാ സഭകളുടെ ജോയിന്റ് കൗൺസിലംഗം എന്നീ തലങ്ങളിൽ പ്രവർത്തിച്ച ശ്രീ. പി. എം. ചാക്കോ നിര്യാതനായി. എറണാകുളം പട്ടണത്തിൽ സാമൂഹ്യ രംഗത്തെ സഭയുടെ സാന്നിധ്യവും ശബ്ദവുമായിരുന്നു അദ്ദേഹം. ഈ മഹത് വ്യക്തികളുടെ ജീവിതത്തെയോർത്ത് ദൈവത്തെ സ്തുതിക്കുകയും ഇവരുടെ വേർപാടിൽ സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും, ദുഃഖാർത്ഥരായ പ്രീയപ്പെട്ടവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വീണ്ടും ഒരു ആഗമനകാലം സമാഗതമായി. പ്രതിസന്ധികളുടെ മധ്യേയായിരുന്നു ക്രിസ്തുജനനം. അമ്പരപ്പിക്കുന്ന അറിയിപ്പുകളും, പ്രതിസന്ധികളിൽ വഴിമാറാനുള്ള മാനുഷിക പരിശ്രമങ്ങളും, അധികാരം നിലനിർത്താൻ വരേണ്യവർഗ്ഗത്തിന്റെ കിരാതവാഴ്ചകളും, ബലഹീനന്റെ നിലവിളികളും ഒരുവശത്തും; 'ഭയപ്പെടേണ്ട', 'ചേർത്തുകൊള്ളുവാൻ ശങ്കിക്കേണ്ട' എന്നീ ദൈവിക ശബ്ദം മറുവശത്തും തിരുജനനവുമായി ബന്ധപ്പെട്ട് വേദപുസ്തകത്താളുകളിൽ നമുക്ക് ദർശിക്കാം. ഓരോ കാലഘട്ടത്തിലെയും പ്രതിസന്ധികൾ അതിൽത്തന്നെ അന്ത്യമല്ല. ദൈവിക അരുളപ്പാടുകളെ തിരിച്ചറിഞ്ഞ് ജീവിതം ഒരു ആഘോഷമായി മുമ്പോട്ട് കൊണ്ടുപോകുവാനുള്ള പൊതുക്ഷണമാണ് ഓരോ ക്രിസ്തുമസ്സും നല്കുന്നത്. മഹാമാരിയും കാലാവസ്ഥാ വ്യതിയാനങ്ങളും ജീവിതത്തെ ദുസ്സഹമാക്കുന്ന രാഷ്ട്രീയ ക്രമങ്ങളും നിലനിൽക്കുന്ന ഈ കാലഘട്ടത്തിലും ദൈവിക വെളിപ്പാടുകളെ തിരിച്ചറിഞ്ഞ് മുമ്പോട്ടു പോകുവാൻ നമുക്കാകട്ടെ. 'ഭയപ്പെടേണ്ട' എന്ന ദൈവശബ്ദം നമ്മുടെ കാതുകളിൽ എപ്പോഴും മുഴങ്ങട്ടെ. ഏവർക്കും ക്രിസ്തുമസ് നവവത്സരാശംസകൾ.

ഇരുപത്തിയഞ്ച് നോമ്പിൽ ആദ്യഞായറാഴ്ച സഭ 'വേദപുസ്തക ഞായറായി' വേർതിരിച്ചിരിക്കുന്നു. കാലിനു ദീപവും പാതയ്ക്ക് പ്രകാശവുമായി ദൈവത്തിന്റെ വചനത്തെ ജീവിതത്തിൽ സ്വീകരിച്ച് വചനാഭിമുഖ്യമുള്ള

സമൂഹമായി വളരുവാനുള്ള ആഹ്വാനമാണ് വേദപുസ്തക ഞായർ നല്കുന്നത്. അനാദിയായി വചനമായ ദൈവം ശരീരം ധരിക്കുന്നതിനെ ഓർമ്മിക്കുന്ന നാളുകളാണ് ആഗമനകാലം. യേശുവിന്റെ മുന്നോടിയായ യോഹന്നാൻ സ്നാപകന്റെ ജനനമാണ് ഈ ദിനത്തിലെ സുവിശേഷഭാഗം (ലൂക്കോസ് 1:57-66). എല്ലാ രീതിയിലും ആശ്ചര്യം നിറഞ്ഞ ഒരു ജനനമാണ് യോഹന്നാൻ സ്നാപകന്റേത്. ദൈവത്തിന്റെ വചനത്തിൽ സമ്പൂർണ്ണമായി ആശ്രയിക്കുകയും അതിനനുസൃതമായി പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു കുടുംബത്തിന്റെ ചിത്രമാണ് ഈ സംഭവത്തിലൂടെ വെളിവാക്കുന്നത്. എലിശബെത്തിന്റെയും സെഖര്യാവിന്റെയും അനുസരണത്തിലൂടെയാണ് യിസ്രയേൽ ജനതയ്ക്ക് യോഹന്നാൻ സ്നാപകന്റെ ജീവിതദൗത്യം സാദ്ധ്യമാകുന്നത്. ദൈവവചത്തിന്റെ ശക്തി വെളിപ്പെടുത്തുന്ന ജീവിതമാണ് യോഹന്നാൻ സ്നാപകന്റേത്. എഴുതപ്പെട്ട ദൈവവചനം ഏവർക്കും ലഭ്യമാക്കുന്ന ശുശ്രൂഷയിൽ നേതൃത്വം നൽകുന്ന ബൈബിൾ സൊസൈറ്റി പ്രസ്ഥാനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും വചനത്തിൽ അധിഷ്ഠിതമായജീവിത രൂപാന്തരത്തിനായി നമ്മെത്തന്നെ സമർപ്പിക്കുകയും ചെയ്യാം.

ഇരുപത്തിയഞ്ച് നോമ്പിൽ രണ്ടാം ഞായറാഴ്ച 'യോസേഫിനോടുള്ള അറിയിപ്പാണ്' (മത്തായി 1:18-23) സഭ ധ്യാനിക്കുന്നത്. ദൈവിക പദ്ധതിയിൽ പങ്ക്ചേരുവാൻ വ്യത്യസ്ഥ വ്യക്തികൾക്ക് നിയോഗം നൽകുന്ന അനുഭവമാണ് ഓരോ അറിയിപ്പിന്റെയും സന്ദർഭം. മറിയയിലൂടെ സംഭവിപ്പാനിരിക്കുന്ന ദൈവിക പ്രവർത്തനത്തെ തിരിച്ചറിയാനും ഉപാധികൂടാതെ മറിയയെ സ്വീകരിക്കുവാനുമുള്ള നിയോഗമാണ് യോസേഫിന് നല്കുന്നത്. യോസേഫിനെ സുവിശേഷകൻ നീതിമാൻ എന്ന നിലയിലാണ് അടയാളപ്പെടുത്തുന്നത്. യഹൂദാമതബോധമനുസരിച്ച് നീതിമാനായ യോസേഫ് ശ്രേഷ്ഠതയുള്ളവനും, വിവാഹത്തിനുമുമ്പ് ഗർഭവതിയായ മറിയ ഉപേക്ഷിക്കപ്പെടേണ്ടവളുമാണ്. എന്നാൽ രഹസ്യമായി മറിയയെ ഉപേക്ഷിക്കുന്നിടത്തല്ല, മറിച്ച് പരസ്യമായി അവളെ ചേർത്തുകൊള്ളുന്നിടത്താണ് ദൈവിക നീതി വെളിപ്പെടുന്നതെന്ന് തിരുവചനം ഓർമ്മിപ്പിക്കുന്നു. സമൂഹവും സംസ്ക്കാരവും നിർവചിച്ചിട്ടുള്ള രീതികളെ ദൈവികപദ്ധതി ന്യായം വിധിക്കുകയും തിരുത്തുകയും ചെയ്യുന്നതാണ്. നമ്മിൽ രൂഢമൂലമായ മേധാവിത്വധാരണകളെയും ശൈലികളെയും തിരിച്ചറിയുവാനും ഉപേക്ഷിക്കുവാനും ദൈവിക ആതിഥേയത്വത്തിലേക്ക് വിനയത്തോടെ ചേരുവാനും മറ്റുള്ളവരെ ചേർത്തുകൊള്ളുവാനും ആഗമനകാലം നമ്മെ ആഹ്വാനം ചെയ്യുന്നു.

ജനനപ്പെരുനാളിനു തൊട്ടുമുമ്പുള്ള ഞായറാഴ്ച യേശുവിന്റെ മനുഷ്യാവതാരത്തെ ധ്യാനാത്മകമായി ഉൾക്കൊള്ളുവാൻ സഭ ശ്രമിക്കുന്നു. 'നമ്മുടെ കർത്താവ് വരുന്നു' (യോഹന്നാൻ 1: 1-14) എന്നതാണ് ധ്യാന വിഷയം. ഇതര സുവിശേഷങ്ങളിൽ നിന്നും വ്യത്യസ്ഥമായി യോഹന്നാന്റെ സുവിശേഷം യേശുവിന്റെ മർത്തീകരണത്തെ ദൈവിക ഉണ്മയുമായുള്ള ബന്ധത്തിലാണ് അവതരിപ്പിക്കുന്നത്. യഥാർത്ഥ ജീവൻ നാം കണ്ടെത്തുന്നത് യേശുവിലാണ്. ജീവനെ നിഷേധിക്കുന്ന അന്ധകാര സാഹചര്യങ്ങളുമായി നിരന്തരം നേരിട്ട് യഥാർത്ഥ ജീവനിലേക്കും പ്രകാശത്തിലേക്കും നയിക്കുന്നതാണ് യേശുവിൽ വെളിപ്പെടുന്ന ദൈവികജീവൻ. മനുഷ്യജീവിതാവസ്ഥയിലേക്കുള്ള ദൈവത്തിന്റെ ആഗമനത്തെ നിഷേധിക്കുന്ന മനോഭാവങ്ങളിലേക്ക് തന്നയാണ് ദൈവം മനുഷ്യാവതാരമെടുക്കുന്നത് എന്നതാണ് ആശ്ചര്യകരമായ വസ്തുത. ദൈവത്തോട് മനുഷ്യർ മുഖം തിരിക്കുമ്പോഴും ദൈവിക ജീവനിൽ പങ്കാളിയാകുവാനും ദൈവമക്കൾ എന്ന അനുഭവാവകാശങ്ങളിലേക്ക് പ്രവേശിക്കുവാനും യേശുവിന്റെ ജഡധാരണത്തിലൂടെ ദൈവം അവസരം ഒരുക്കുകയാണ്. ദൈവത്തിന്റെ നിറവ് തന്നെ യേശുവിലൂടെ ലോകത്തിന് നല്കപ്പെടുന്നു. ജനനപ്പെരുനാളിന്റെ മഹത്വകരമായ അനുഭവമാണിത്.

ജനനപ്പെരുനാളിന് ശേഷം വരുന്ന ഞായറാഴ്ച 'ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷതയെ' ധ്യാനിക്കുന്നു (മത്തായി 24: 42-51). തന്റെ പരസ്യ ശുശ്രൂഷാകാലത്തിന്റ പൂർത്തീകരണത്തിന് മുമ്പായി യേശു ശിഷ്യന്മാരോട് തന്റെ മഹത്വപ്രത്യക്ഷതയെപ്പറ്റി ഉപദേശം നല്കുന്നു. അത്യന്തം പരിഭ്രമജനകമായ സാഹചര്യങ്ങൾ നേരിടുവാൻ ശിഷ്യസമൂഹം സജ്ജമായിരിക്കണം എന്നതാണ് കർത്താവ് നൽകുന്ന മുന്നറിയിപ്പ്. ലോകസംഭവങ്ങളുടെ കുഴമറിച്ചിലുകളിലും വിശ്വാസസമൂഹം പതറിപ്പോകാതെ കർത്താവിന്റെ പ്രത്യക്ഷതയ്ക്ക് വേണ്ടി ഒരുക്കമുള്ളവരും കാത്തിരിക്കുന്നവരുമായിരിക്കണം. മഹത്വപ്രത്യക്ഷതയുടെ ഏറ്റം പ്രധാന സവിശേഷത അതിന്റെ പ്രവചനാതീത സ്വഭാവമാണ്. എവിടെ, എങ്ങനെ എന്നതിനെപ്പറ്റി വലിയ ആശയക്കുഴപ്പങ്ങൾ ഉണ്ടാകുമ്പോഴും വിശ്വാസവും സ്ഥൈര്യവും നിലനിർത്തുവാൻ സാധിക്കുന്നവർക്കാണ് മഹത്വപ്രത്യക്ഷതയിൽ പങ്കുകാരാകുവാൻ ഇടയാകുന്നത്. യജമാനന്റെ ദീർഘമായ അസാന്നിധ്യത്തിലും തങ്ങളുടെ നിയോഗം വിസ്മരിക്കാതെ വിശ്വസ്തരും ബുദ്ധിയുള്ളവരുമായ ശുശ്രൂഷകരെ വിശ്വാസസമൂഹം മാതൃകയാക്കണം. ജീവിത നിയോഗങ്ങൾ മറന്ന് ഭരമേല്പിക്കപ്പെട്ട വലിയ ശുശ്രൂഷകൾ നഷ്ടപ്പെടുത്തിക്കളയുവാൻ സഭയ്ക്ക് ഇടവരരുത്. മറിച്ച്, ദൈവരാജ്യത്തിന്റെ ശുശ്രൂഷയിൽ നിരന്തരം നിലനിർത്തുവാൻ പ്രചോദിപ്പിക്കുന്നതാകണം. അതിനായി നമ്മെ ദൈവകരങ്ങളിലർപ്പിക്കാം.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.



**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

പുലാത്തീൻ
26. 11. 2021.